P.R. No.147/2026 Thrissur, 01/08/2026

# പത്രക്കുറിപ്പ്

## പൊതുജനാരോഗ്യ രംഗത്ത് വിദഗ്ധരെ വാർത്തെടുക്കാൻ കേരള ആരോഗ്യശാസ്ത്ര സർവകലാശാലയുടെ മുഴുവൻ സമയ എം.പി.എച്ച്. പ്രോഗ്രാം

### *സ്കൂൾ ഓഫ് പബ്ലിക് ഹെൽത്തിൽ അപേക്ഷ ക്ഷണിച്ചു*

**തൃശ്ശൂർ:** പൊതുജനാരോഗ്യ മേഖലയിലെ ആധുനിക വെല്ലുവിളികളെ ശാസ്ത്രീയമായി നേരിടാൻ പ്രാപ്തരായ വിദഗ്ധരെ വാർത്തെടുക്കുന്നതിനായി കേരള ആരോഗ്യശാസ്ത്ര സർവകലാശാല (KUHS) തിരുവനന്തപുരം സ്കൂൾ ഓഫ് പബ്ലിക് ഹെൽത്തിൽ (School of Public Health) ദ്വിവത്സര മുഴുവൻ സമയ (Full-time) മാസ്റ്റർ ഓഫ് പബ്ലിക് ഹെൽത്ത് (Master of Public Health – Health System Management, Epidemiology & Global Health) ബിരുദാനന്തര ബിരുദ പ്രോഗ്രാമിലേക്ക് അപേക്ഷ ക്ഷണിച്ചു. 2026-27 അധ്യയന വർഷത്തേക്കാണ് പ്രവേശനം.

കോവിഡ് മഹാമാരിക്ക് ശേഷമുള്ള കാലഘട്ടത്തിൽ പൊതുജനാരോഗ്യ സംവിധാനങ്ങൾ ശക്തിപ്പെടുത്തുക, രോഗനിരീക്ഷണം, ആരോഗ്യ നയരൂപീകരണം, ആരോഗ്യ സംവിധാന മാനേജ്മെന്റ്, പകർച്ചവ്യാധി നിയന്ത്രണം, ആഗോള ആരോഗ്യ പ്രശ്നങ്ങൾ എന്നിവയിൽ വിദഗ്ധരുടെ ആവശ്യകത ഗണ്യമായി വർധിച്ച സാഹചര്യത്തിലാണ് ഈ മുഴുവൻ സമയ അക്കാദമിക് പ്രോഗ്രാം ആരംഭിക്കുന്നത്. പൊതുജനാരോഗ്യ മേഖലയിൽ ഗവേഷണത്തിനും ആരോഗ്യ ഭരണ സംവിധാനങ്ങൾക്കും നയരൂപീകരണത്തിനും നേതൃത്വം നൽകാൻ പ്രാപ്തരായ പ്രൊഫഷണലുകളെ വളർത്തിയെടുക്കുകയാണ് പ്രോഗ്രാമിന്റെ ലക്ഷ്യം.

മെഡിക്കൽ, ഡെന്റൽ, ആയുർവേദം, യുനാനി, സിദ്ധ, ഹോമിയോപ്പതി, നഴ്സിംഗ്, ഫാർമസി, അലൈഡ് ഹെൽത്ത് സയൻസ് എന്നീ ആരോഗ്യശാസ്ത്ര വിഭാഗങ്ങളിലെ ബിരുദധാരികൾക്കും സർവകലാശാല അംഗീകരിക്കുന്ന തത്തുല്യ യോഗ്യതയുള്ളവർക്കും അപേക്ഷിക്കാം. കൂടാതെ വെറ്ററിനറി സയൻസ്, ഫിഷറീസ്, അഗ്രികൾച്ചറൽ സയൻസ് ബിരുദധാരികൾക്കും ഡിഎംഇ, ഡിഎച്ച്എസ്, ഇഎസ്ഐ എന്നിവിടങ്ങളിലെ ഇൻ-സർവീസ് ഉദ്യോഗസ്ഥർക്കും അപേക്ഷിക്കാം.

പ്രവേശനം സർവകലാശാല നടത്തുന്ന പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും. ആകെ 24 സീറ്റുകളാണ് ഉള്ളത്. ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 2026 ആഗസ്റ്റ് 17 ആണ്. പ്രവേശന പരീക്ഷ സെപ്റ്റംബർ ആദ്യവാരത്തിലും ക്ലാസുകൾ ഒക്ടോബർ ആദ്യവാരത്തിലും ആരംഭിക്കും.

അപേക്ഷാ നടപടിക്രമം, പ്രവേശന യോഗ്യത, ഫീസ്, സീറ്റ് സംവരണം എന്നിവ ഉൾപ്പെടെയുള്ള വിശദവിവരങ്ങൾ കേരള ആരോഗ്യശാസ്ത്ര സർവകലാശാലയുടെ ഔദ്യോഗിക വെബ്സൈറ്റിൽ (www.kuhs.ac.in) ലഭ്യമാണ്.

Sd/-

Registrar